# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ.28/2024 തിരുവനന്തപുരം, തീയതി: 03 /02/2024

## പത്രക്കുറിപ്പ്

### പരീക്ഷാഫലം

കേരളസർവകലാശാല 2023 മാർച്ചിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.ബി.എ. പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### പുനഃക്രമീകരിച്ച പരീക്ഷ

കേരളസർവകലാശാല മാവേലിക്കര, ബിഷപ്പ് മൂർ കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി., ഡിസംബർ 2023 പരീക്ഷയുടെ ബോട്ടണി കോർ പ്രാക്ടിക്കൽ പരീക്ഷാത്തീയതികൾ പുനഃക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല നെയ്യാറ്റിൻകര കുളത്തൂർ ഗവ: ആർട്സ് & സയൻസ് കോളേജിൽ വച്ച് നടത്താൻ നിശ്ചയിച്ചിരുന്ന അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ്സി., ഡിസംബർ 2023 പരീക്ഷയുടെ ബയോകെമിസ്ട്രി കോർ പ്രാക്ടിക്കൽ പരീക്ഷാത്തീയതികൾ പുനഃക്രമീകരിച്ചു. പുതുക്കിയ ടൈംടേബിൾ വെബ്സൈറ്റിൽ.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2023 ഡിസംബറിൽ നടത്തിയ അഞ്ചാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.കോം. (റെഗുലർ – 2021 അഡ്മിഷൻ, സപ്ലിമെന്ററി – 2019 & 2020 അഡ്മിഷൻ, മേഴ്സിചാൻസ് – 2015 & 2017 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ 2024 ഫെബ്രുവരി 7 മുതൽ വിവിധ കോളേജുകളിൽ ആരംഭിക്കുന്നു. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷാഫീസ്

കേരളസർവകലാശാലയുടെ ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച്, ആറ്, ഏഴ്, എട്ട് സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) [മേഴ്സിചാൻസ് – 2006 സ്കീം, 2011 സ്കീം (2006 – 2013 അഡ്മിഷൻ)] ഫെബ്രുവരി 2024 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. പിഴകൂടാതെ 2024 ഫെബ്രുവരി 14 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 17 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 20 വരെയും ഓഫ്‌ലൈനായി അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2024 മാർച്ച് 12 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. ഡിഗ്രി [2019 സ്കീം – SLCM – റെഗുലർ – 2023 അഡ്മിഷൻ, ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2021 അഡ്മിഷൻ], [2019 സ്കീം സപ്ലിമെന്ററി – 2020 അഡ്മിഷൻ], [2015 സ്കീം മേഴ്സിചാൻസ് – 2015 - 2018 അഡ്മിഷൻ] പരീക്ഷകൾക്ക് പിഴകൂടാതെ 2024 ഫെബ്രുവരി 13 വരെയും 150 രൂപ പിഴയോടെ ഫെബ്രുവരി 16 വരെയും 400 രൂപ പിഴയോടെ ഫെബ്രുവരി 19 വരെയും ഓൺലൈനായി അപേക്ഷിക്കാം. റെഗുലർ

വിദ്യാർത്ഥികളും 2021, 2022 അഡ്മിഷൻ വിദ്യാർത്ഥികളും SLCM ഓൺലൈൻ പോർട്ടൽ മുഖേന മാത്രം ഫീസ് അടച്ച് രജിസ്ട്രേഷൻ ചെയ്യേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സ്റ്റഡി മെറ്റീരിയൽ വിതരണം

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന ആറാം സെമസ്റ്റർ (ബി.എ./ബി.കോം./ബി.ബി.എ. – 2021 അഡ്മിഷൻ) യു.ജി. പ്രോഗ്രാമുകളുടെ സ്റ്റഡി മെറ്റീരിയലുകൾ 2024 ഫെബ്രുവരി 5 മുതൽ 9 വരെ കാര്യവട്ടം വിദൂരവിദ്യാഭ്യാസ വിഭാഗം ഓഫീസിൽ നിന്ന് നേരിട്ട് കൈപ്പറ്റാവുന്നതാണ്. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

*University information is available on* 9188526670, 9188526671, 9188526674, 9188526675
**Whats App No. 8547330240**